LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാറ്റിയിട്ടുണ്ട്.

(ബി) പേരാവൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും അവിടെ താലൂക്കാശുപത്രിയുടെ ഭരണപരമായ പ്രവർത്തനത്തിനാവശ്യമായ സൂപ്രണ്ട് തസ്തിക അനുവദിച്ചിട്ടില്ലായിരുന്നു. പുതിയ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്നത് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്നതിനാൽ നിലവിൽ രണ്ട് സിവിൽ സർജൻ തസ്തികയുള്ള പിണറായി സി.എച്ച്.സി-യിൽനിന്നും ഒരു സിവിൽ സർജൻ തസ്തിക അസിസ്റ്റന്റ് ഡയറക്ടർ (സൂപ്രണ്ട്) ആയി പുനർനാമകരണം ചെയ്ത്, പേരാവൂർ താലൂക്കാശുപത്രിയിലേക്ക് മാറ്റുകയാണുണ്ടായത്.

റീജിയണൽ കാൻസർ സെന്ററിൽ രോഗികളുടെ ബന്ധുക്കൾക്ക് താമസസൗകര്യം

36 (701) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ ബന്ധുക്കൾക്കും കൂട്ടിരിപ്പുകാർക്കും മതിയായ താമസ സൗകര്യം പലപ്പോഴും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ താമസസൗകര്യം ആവശ്യമായവർക്ക് കാൻസർ സെന്ററിലും അനുബന്ധപ്രദേശത്തും എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; ഈ സൗകര്യങ്ങൾ പലപ്പോഴും അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ആർ.സി.സി.-കളുടെ സമീപ പ്രദേശത്തെ പല സ്വകാര്യ ലോഡ്ജുകളും മറ്റ് സ്വകാര്യ താമസ കേന്ദ്രങ്ങളും രോഗികളെയും കൂട്ടിരിപ്പികാരെയും ചൂഷണം ചെയ്ത് ഉയർന്ന തുക ഈടാക്കുന്നത് തടയുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഈ പ്രദേശത്ത് എത്തുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും താമസസൗകര്യ ലഭ്യതയിലുണ്ടാകുന്ന പ്രശ്നങ്ങൾ അതിവേഗം പരിഹരിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ സർക്കാർ ഉടമസ്ഥതയിൽ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മറ്റു സർക്കാർ ആശുപത്രികളിൽ എന്നത് പോലെ ആർ.സി.സി.-യിൽ എത്തുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്കും ബന്ധുക്കൾക്കും താമസസൗകര്യം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ചികിത്സയ്ക്കായി വിദൂര ജില്ലകളിൽ നിന്നും വരുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും സന്നദ്ധ സംഘടനയുടെ സഹായത്തോടെ തിരുവനന്തപുരത്ത് താമസസൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സുരക്ഷാ കേരളം പദ്ധതി - അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ

37 (702) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി 2014-15 വർഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും, ഇതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2014-15 വർഷം എത്ര പരിശോധനകൾ നടത്തി ; ഏതെല്ലാം മേഖലകളിൽ; ഇവയിൽ അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ എത്ര; പ്രസ്തുത ക്യാമ്പുകളിൽ താമസിച്ചുവന്ന തൊഴിലാളികൾ എത്ര; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പരിശോധനയിൽ ഏതെല്ലാം രോഗങ്ങൾ പേറുന്ന എത്ര പേരെ കണ്ടെത്തി; എന്തെല്ലാം സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി എന്നും ഇവിടങ്ങളിൽ നടത്തിയ തുടർ പ്രവർത്തനങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ;

(ഡി) 2014-15 വർഷം നടത്തിയ പരിശോധനകളിൽ എത്ര ക്യാമ്പുകൾക്ക് നോട്ടീസ് നൽകി ; എത്ര ക്യാമ്പുകൾ പൂട്ടി; നോട്ടീസ് നൽകിയ വകയിൽ നടത്തിയ തുടർപ്രവർത്തനങ്ങൾ എന്തെല്ലാം;ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സുരക്ഷാ കേരളം പദ്ധതി നടത്തിപ്പിനായി സർക്കാർ ലഭ്യമാക്കിയ തുക എത്ര ; എത്ര തുക ചെലവാക്കി ; വിശദാംശം ലഭ്യമാക്കുമോ ?